ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 06.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **Prime Minister Narendra Modi will be on a six-day visit to Indonesia, Australia and New Zealand beginning today.**

2. ബ്രിക്സ് അംഗരാജ്യങ്ങളിലെ മയക്കുമരുന്ന് വിരുദ്ധ ഏജൻസി മേധാവികളുടെ യോഗത്തിന് ഇന്ന് അസമിൽ തുടക്കം; ബ്രിക്സ് വനിതാ മന്ത്രിതല യോഗം ഇന്ന് കൊച്ചിയിൽ.

   **India will host the two-day BRICS Heads of Anti-Drug Agencies Meeting, beginning today in Guwahati, Assam. The two-day BRICS Women Working Group Meeting under India's BRICS Chairship, will begin today in Kochi, Kerala.**

3. ന്യൂഡൽഹിയിൽ നടക്കുന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിൻറെ അഞ്ചാം സ്ഥാപക ദിനാഘോഷത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് പങ്കെടുക്കും.

   **Union Minister of Cooperation Amit Shah will attend the 5th Foundation Day Ceremony of the Ministry of Cooperation in New Delhi today.**

4. ഉപഭോക്തൃ സംരക്ഷണ നിയമവും നയവും സംബന്ധിച്ച് ജനീവയിൽ ഇന്ന് ആരംഭിക്കുന്ന അന്തർ സർക്കാർതല വിദഗ്ധ

സംഘത്തിൻറെ സമ്മേളനത്തിൽ ഇന്ത്യ അധ്യക്ഷത വഹിക്കും.

**India will chair the Ninth Session of the Intergovernmental Group of Experts on Consumer Protection Law and Policy in Geneva, Switzerland.**

5. രാജ്യത്ത് തെക്കു-പടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു; കേരളത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; കേരളം - കർണാടക - ലക്ഷദീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Southwest monsoon intensifies across India. Orange alert in Kannur and Kasaragod districts of Kerala today; Fishing banned on Kerala-Karnataka-Lakshdeep coasts.**

6. ലോകകപ്പ് ഫുട്ബോളിൽ ബ്രസീലിനെ അട്ടിമറിച്ച് നോർവെ ക്വാർട്ടറിൽ; അന്താരാഷ്ട്ര ഫുട്ബാളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ബ്രസീൽ താരം നെയ്മർ.

**In FIFA World Cup 2026, Norway entered the quarter finals after defeating the five-time world champions Brazil. Brazil's veteran player Neymar Jr. has announced his retirement from international football.**

**&&&&&&&&&&&&&&&&&&&**

## PM - VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് ഇന്ന് തുടക്കമാകും. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളിൽ ആറു ദിവസത്തെ സന്ദർശനമാണ് നടത്തുക. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകുന്നേരത്തോടെ പ്രധാനമന്ത്രി ഇന്തോനേഷ്യയിലെത്തും.

വിശദാംശങ്ങളിലേക്ക്......

(ഹോൾഡ് വോയ്സ്........)

## PM - VISIT (VO)

മറ്റന്നാൾ വരെ ഇന്തോനേഷ്യയിൽ ഔദ്യോഗിക സന്ദർശനം നടത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസിഡൻറ് പ്രബോവോ സുബിയാന്റോയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. ജക്കാർത്തയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി, യോഗ്യകർത്തയിലെ പ്രംബാനൻ ക്ഷേത്ര സമുച്ചയവും സന്ദർശിക്കും. വിദേശ പര്യടനത്തിന്റെ രണ്ടാം പാദത്തിൽ, മറ്റന്നാൾ ശ്രീ മോദി മെൽബണിൽ എത്തും. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസിനൊപ്പം മൂന്നാമത് ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. നിർണായക ധാതുക്കൾ, സൈബർ സുരക്ഷ, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ചർച്ചകൾ നടക്കും. ഇന്ത്യ-ഓസ്ട്രേലിയ സി.ഇ.ഒ ഫോറത്തിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി മോദി ഇന്ത്യൻ സമൂഹത്തെയും അഭിസംബോധന ചെയ്യും. സന്ദർശനത്തിൻറെ അവസാന പാദത്തിൽ ഈ മാസം 10, 11 തീയതികളിൽ ന്യൂസിലൻഡിലും പ്രധാനമന്ത്രി സന്ദർശനം നടത്തും. ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി നടത്തുന്ന ചർച്ചയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ വ്യാപാര - പ്രതിരോധ മേഖലകളിൽ ഉണ്ടായ പുരോഗതി വിലയിരുത്തും.

ന്യൂസ് ഡെസ്ക് ആകാശവാണി.........

&&&&&&&&&&&&&&&&&&

## SHAH-COOPERATION MIN

കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ അഞ്ചാം സ്ഥാപക ദിനാഘോഷം ഇന്ന്. ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ

കേന്ദ്രമന്ത്രി അമിത് ഷാ മുഖ്യാതിഥിയാകും. 50,000 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഡിജിറ്റൽവൽക്കരിക്കുന്നതായുള്ള പ്രഖ്യാപനം അദ്ദേഹം നടത്തും. 232 ധാന്യ സംഭരണശാലകൾ, ദേശീയ സഹകരണ ഡാറ്റാബേസ്, ജിയോ-ടാഗ് മൊബൈൽ ആപ്ലിക്കേഷൻ, ദേശീയ ക്ഷീര വികസന ബോർഡിന്റെ ഡാഷ് ബോർഡ് പോർട്ടൽ എന്നിവ കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

## BRICS-ANTI DRUG AGENCY MEET

ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് അംഗരാജ്യങ്ങളിലെ മയക്കുമരുന്ന് വിരുദ്ധ ഏജൻസി മേധാവികളുടെ രണ്ട് ദിവസത്തെ യോഗത്തിന് അസമിലെ ഗുവാഹത്തിയിൽ ഇന്ന് തുടക്കമാകും. മയക്കുമരുന്ന് നിയന്ത്രണ ഏജൻസികൾക്കിടയിൽ ആഴത്തിലുള്ള പ്രവർത്തന സഹകരണം വളർത്തിയെടുക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യും. മയക്കുമരുന്ന് വിരുദ്ധ ഏജൻസികളുടെ തലവൻമാരും ബ്രിക്സ് അംഗരാജ്യങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരും രണ്ട് ദിവസത്തെ യോഗത്തിൽ പങ്കെടുക്കുമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## BRICS-WOMEN WORKING GROUP

ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് വനിതാ മന്ത്രിതല യോഗം ഇന്ന് കൊച്ചിയിൽ നടക്കും. 12 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. വനിതാ ശിശുവികസന മന്ത്രാലയം ആണ് പരിപാടി സംഘടിപ്പിക്കുന്നത്. 'പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിലാണ് പരിപാടി നടക്കുക. നേതൃത്വം, ഭരണം, സാമ്പത്തികം, ഡിജിറ്റൽ ഉൾപ്പെടുത്തൽ, കാലാവസ്ഥാ

പ്രവർത്തനം എന്നിവയിൽ അംഗരാജ്യങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&&

## CONSUMER PROTECTION-IGE

ഉപഭോക്തൃ സംരക്ഷണ നിയമവും നയവും സംബന്ധിച്ച്, സ്വിറ്റ്സർലൻഡിലെ ജനീവയിൽ ഇന്ന് ആരംഭിക്കുന്ന അന്തർ സർക്കാർതല വിദഗ്ധ സംഘത്തിന്റെ ഒമ്പതാം സമ്മേളനത്തിൽ ഇന്ത്യ അധ്യക്ഷത വഹിക്കും. കേന്ദ്ര ഉപഭോക്തൃകാര്യ സെക്രട്ടറി നിധി ഖരെ അധ്യക്ഷയാകും. മറ്റന്നാൾ വരെയാണ് പരിപാടി.

&&&&&&&&&&&&&&&&&&&

## JAISHANAKR-QATAR

വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിൻറെ പശ്ചിമേഷ്യൻ സന്ദർശനം പുരേഗമിക്കുന്നു. ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ എന്നീ രാജ്യങ്ങളാണ് ശ്രീ ജയശങ്കർ സന്ദർശിക്കുക. ഊർജ്ജം, വ്യാപാരം, സുരക്ഷാ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ദോഹയിൽ ഖത്തർ പ്രധാനമന്ത്രിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഈ മാസം 13-ന് ന്യൂയോർക്കിലെത്തുന്ന കേന്ദ്രമന്ത്രി 14, 15 തീയതികളിൽ ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര-സാങ്കേതിക കൗൺസിൽ യോഗത്തിൽ പങ്കെടുക്കാൻ ബ്രസ്സൽസിലേക്കും യാത്ര തിരിക്കും.

&&&&&&&&&&&&&&&&&&&

## AYODHYA TEMPLE TRUST MEETING

അയോധ്യ ശ്രീരാമ ജന്മഭൂമി ക്ഷേത്ര ട്രസ്റ്റ് അംഗങ്ങളുടെ യോഗം ഇന്ന് രാമക്ഷേത്ര പരിസരത്ത് ചേരും. ട്രസ്റ്റിന് ലഭിച്ച സംഭാവനകളിലെ ക്രമക്കേട് സംബന്ധിച്ച് പ്രത്യേക അന്വേഷണ സംഘത്തിൻറെ കണ്ടെത്തലുകൾ ഉൾപ്പെടെയുള്ള സുപ്രധാന ഭരണ-സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്യാനാണ് യോഗം. ജനറൽ സെക്രട്ടറി ചമ്പത് റായ്, ട്രസ്റ്റി അനിൽ മിശ്ര എന്നിവരുടെ രാജി കത്തുകൾ പരിഗണിക്കുന്നതും അജണ്ടയിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&&

## PLUS ONE CLASS (INTRO)

കേരളത്തിൽ പ്ലസ് വൺ ക്ലാസുകൾക്ക് ഇന്നു തുടക്കമാകും. സംസ്ഥാനതല പ്രവേശനോത്സവം കോഴിക്കോട് നടക്കും. ഏകജാലക സംവിധാനം വഴിയുള്ള മെറിറ്റ് അടിസ്ഥാനത്തിലെ പ്രവേശന നടപടികൾ ഈ മാസം മൂന്നിന് പൂർത്തിയാക്കിയിരുന്നു.

*കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....*

*(വോയിസ്)*

&&&&&&&&&&&&&&&&&&&

## IMD

രാജ്യത്ത് തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. ഛത്തീസ്ഗഢ്, ഗുജറാത്ത്, കൊങ്കൺ, ഗോവ, മഹാരാഷ്ട്ര, കിഴക്കൻ രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, കർണാടക, മാഹി, മധ്യപ്രദേശ് എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഡൽഹി, ഹരിയാന, ചണ്ഡീഗഢ്, ജമ്മു കശ്മീർ, ലഡാക്ക്, ഒഡീഷ, സൗരാഷ്ട്ര, കച്ച്, ഉത്തരാഖണ്ഡ്, വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും ശക്തമായ മഴയുണ്ടാകുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, തീരദേശ കർണാടക, വടക്കൻ ഉൾനാടൻ കർണാടക, തെലങ്കാന എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോടെയുള്ള മഴയ്ക്ക് സാധ്യതയുള്ളതായി മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ശക്തമായ മഴ തുടരും. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. എറണാകുളത്തും , തൃശൂർ മുതൽ വയനാട് വരെയുള്ള ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും കർണാടക തീരത്ത് മറ്റെന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## FIFA WORL CUP (INTRO)

ഇത്തവണത്തെ ലോകകപ്പ് ഫുട്ബോളിലെ ഏറ്റവും വലിയ അട്ടിമറിക്കാണ് ന്യൂയോർക്കിലെ ന്യൂ ജേഴ്സി സ്റ്റേഡിയം ഇന്ന് വേദിയായത്. ഏറ്റവും കൂടുതൽ തവണ ലോക

കപ്പ് കിരീടം സ്വന്തമാക്കിയ കരുത്തരായ ബ്രസീലിനെ അട്ടിമറിച്ച് നോർവെ ക്വാർട്ടറിൽ പ്രവേശിച്ചു. ക്വാർട്ടർ കാണാതെ പുറത്തായതിന് പിന്നാലെ ബ്രസീൽ താരം നെയ്മർ അന്താരാഷ്ട്ര ഫുട്ബാളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി **സുരേഷ് ബാബു....**

(വോയിസ്)

ലോകകപ്പ് പ്രീ ക്വാർട്ടറിൽ മെക്സിക്കോ - ഇംഗ്ലണ്ട് മത്സരം പുരോഗമിക്കുകയാണ്.

**&&&&&&&&&&&&&&&&&&&**

## WOMENS T20 WC

ഐസിസി വനിതാ ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ഇംഗ്ലണ്ടിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി ഓസ്ട്രേലിയ കിരീടം സ്വന്തമാക്കി. ലണ്ടനിലെ ലോർഡ്സിൽ നടന്ന മത്സരത്തിൽ, ഇംഗ്ലണ്ട് ഉയർത്തിയ 151 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയ 17.1 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 153 റൺസ് നേടി. 64 റൺസ് നേടിയ ബെത്ത് മൂണിയാണ് ഓസ്ട്രേലിയയുടെ ടോപ് സ്കോറർ. ഫീബി ലിച്ച്ഫീൽഡ് 48 റൺസ് നേടി.

**&&&&&&&&&&&&&&&&&&&**

## TUBERCULOSIS-FREE KERALA

'എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025-ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണം ഇന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കും. കോട്ടയത്ത് നടക്കുന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കായുള്ള ക്ഷയരോഗ

ബോധവൽക്കരണ പരിപാടിയും സ്പീക്കർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

&&&&&&&&&&&&&&&&&&&

## OPEC-OIL PRODUCTION

ആഗോള എണ്ണ വിപണിയിലെ സ്ഥിരത ഉറപ്പുവരുത്തുന്നതിന് എണ്ണ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ തീരുമാനിച്ച് ഒപെക് പ്ലസ് രാജ്യങ്ങൾ. ഈ വർഷം ഓഗസ്റ്റ് മുതൽ പ്രതിദിനം 1.88 ലക്ഷം ബാരൽ എണ്ണ അധികമായി ഉൽപ്പാദിപ്പിക്കാനാണ് ഒപെക് യോഗത്തിൽ ധാരണയായത്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&